LIBRARY ARCHIVES Kerala Legislative Assembly

അന്യ സംസ്ഥാന ലോട്ടറികൾ വരുത്തിയ നികുതി കുടിശ്ശിക

11 [1728] ശ്രീ. ലൂഡി ലൂയിസ് :

„ എം. കെ. പോൾസൺ മാസ്റ്റർ :

„ വർക്കല കഹാർ :

„ എം. എ. ചന്ദ്രശേഖരൻ :

„ ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന ലോട്ടറികൾ എത്ര തുകയുടെ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട് ; ഇത്രയധികം കുടിശ്ശിക വന്നതെപ്രകാരമാണ് ;

(ബി) നികുതി കുടിശ്ശിക വരുത്തിയ ലോട്ടറികളുടെ ടിക്കറ്റ് അച്ചടിച്ചതും വിറ്റതും ബന്ധപ്പെട്ട സംസ്ഥാനങ്ങളോ അവയുടെ ഉത്തരവാദിത്വത്തിലോ ആയിരുന്നോ ;

(സി) പ്രസ്തുത നികുതി കുടിശ്ശിക ബന്ധപ്പെട്ട സംസ്ഥാനത്തു നിന്നാണോ ഈടാക്കേണ്ടത് ?

ഉത്തരം

(എ) അന്യ സംസ്ഥാന ലോട്ടറികളുടെ വിറ്റുവരവ് സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാൽ നികുതി കുടിശ്ശിക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇത് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ബന്ധപ്പെട്ട സംസ്ഥാനങ്ങൾ ഹാജരാക്കിയിട്ടില്ല.

(സി) പ്രസ്തുത നികുതി കുടിശ്ശിക അന്യ സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്തു വിൽപ്പന നടത്തിയ ഏജൻസികളിൽ നിന്നുമാണ് ഈടാക്കേണ്ടത്.

ചെറുകിട കരാറുകാരിൽ നിന്നും ഈടാക്കുന്ന സെയിൽസ് ടാക്സ്

12 [1729] ശ്രീ വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികൾ ചെയ്യുന്ന ചെറുകിട കരാറുകാരുടെ സെയിൽസ് ടാക്സ് ബില്ലിൽനിന്നും ഈടാക്കുന്ന തുക എത്ര ശതമാനമാണ് ;

(ബി) അപ്രകാരം ഈടാക്കിയശേഷം വീണ്ടും ടാക്സ് അടയ്ക്കാൻ നോട്ടീസ് നൽകാറുണ്ടോ ;

(സി) ഇപ്രകാരമുള്ള കേസുകളിൽ എത്ര കരാറുകാർക്ക് ഇതേവരെ റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട് ;

(ഡി) എത്ര പേരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ കരാർ ജോലികൾ ചെയ്യുന്ന കരാറുകാർ അവരുടെ കരാറ് തുകയിന്മേൽ വിൽപ്പന നികുതി നിയമം വകുപ്പ് 'സി'-യിൽ പറയുന്ന ലേബർ ചാർജ്ജുകളും മറ്റ് ചാർജ്ജുകളും കിഴിച്ചുള്ള തുകയിൻമേൽ വിൽപ്പന നികുതി നിയമത്തിലെ നാലാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ കരാറുപണിയുടെ സ്വഭാവം അനുസരിച്ച് വിവിധ നിരക്കിൽ നികുതിയും അതിന്മേൽ 15 % അധിക വിൽപ്പന നികുതിയും നൽകേണ്ടതാണ്. അല്ലാത്തപക്ഷം, നികുതി നിർണ്ണയം നടത്തുന്നതിലേക്ക് ആവശ്യമായ രേഖകളും കണക്കുകളും യഥാസമയം ഹാജരാക്കാൻ സാധിക്കാത്ത കരാർ പണിക്കാർക്ക് വിൽപ്പന നികുതി നിയമം വകുപ്പ് 7 അനുസരിച്ച് അവർ കരാർ പണി സിവിൽ വർക്ക് ആണെങ്കിൽ മൊത്തം കരാർ തുകയുടെ 2 % നികുതിയും സിവിൽ ജോലി കൾ ഒഴികെയുള്ള 50 ലക്ഷം രൂപ വരെയുള്ള മറ്റു കരാർ പണികൾക്ക് 5 % നികുതിയും മാത്രം നൽകിയാൽ മതിയാകും. ഇപ്രകാരം കരാറുകാരുടെ ഓപ്ഷന് വിധേയമായാണ് നികുതി ഈടാക്കുന്നത്.

(ബി) നികുതി ഒരിക്കൽ ഈടാക്കിയശേഷം വീണ്ടും ആ കരാർ തുകയിന്മേൽ നികുതി ഈടാക്കാൻ നോട്ടീസ് നൽകാറില്ല.

(സി)& (ഡി) നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എത്ര കരാറുകാർക്ക് എതിരെ റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും റവന്യൂറിക്കവറി നടപടികൾ എടുത്തിട്ടു ണ്ടെന്നുമുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

13 [1730] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് കഴിഞ്ഞ രണ്ട് വർഷ ത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) സർക്കാർ വാഹനങ്ങൾ ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്നത് സംബ ന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) ഉന്നത ഉദ്യോഗസ്ഥന്മാർ സ്വകാര്യ ആവശ്യങ്ങൾക്കായി വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്ന എത്ര സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) 108 വാഹനങ്ങൾ ദുരുപയോഗം ചെയ്തത് കണ്ടുപിടിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 13-11-1970-ൽ ജി. ഒ. (പി) 803/70/ധന നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവച്ചിട്ടുണ്ട്. അത് അനുബന്ധമായി ചേർത്തിട്ടുണ്ട് †

(സി) നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തെ കേസ്സുകളുടെ എണ്ണം ഉപ ചോദ്യം (എ)-യുടെ മറുപടിയിൽ നൽകിയിരിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly